**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1978**
**22.03.2012-ലെ മറുപടിക്ക്**

**ഡ്രൈവർമാരുടെ ശമ്പളത്തിലെ അപാകത**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ.കെ.എം.മാണി, ബഹു: ധനകാര്യ വകുപ്പു മന്ത്രി |
| (എ) | 9-ാം ശമ്പള പരിഷ്കരണത്തിൽ സർക്കാർ സർവീസിലെ ഡ്രൈവർമാർക്ക് സമാന തസ്തികകൾക്ക് ആനുപാതികമായ ശമ്പള വർദ്ധന ഉണ്ടായില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം ഡ്രൈവർമാർക്ക് കേവലം 884 രൂപ വേതന വർദ്ധനവ് ലഭിച്ചപ്പോൾ സമാന നിരക്കിൽ മറ്റ് തസ്തികയിലുണ്ടായിരുന്നവർക്ക് 1544 രൂപ വർദ്ധനവ് ലഭിച്ച സാഹചര്യത്തിൽ ഡ്രൈവർമാരുടെ പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | സംസ്ഥാന സർക്കാർ സർവ്വീസിൽ നാലായിരത്തിലധികം വിഭാഗം ജീവനക്കാരുണ്ട്. 30 ൽ താഴെ ശമ്പള സ്കെയിലുകളിലാണ് ഇവരുടെ ശമ്പളം ക്രമീകരിച്ചിരിക്കുന്നത്. ആയതിനാലാണ് വിവിധ വിഭാഗം ജീവനക്കാർക്ക് ഒരേ ശമ്പള സ്കെയിൽ ഉണ്ടാകുന്നത്. എന്നാൽ ടി വിഭാഗം തസ്തികകൾ സമാനമാണെന്ന് ഇതിനർത്ഥമില്ല. ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിർണ്ണയിക്കുന്നത് ടി തസ്തികയുടെ യോഗ്യത, നിയമന രീതി, ജോലിയുടെ സ്വഭാവം ഉത്തരവാദിത്തം തുടങ്ങിയ വിവിധ ഘടകങ്ങളെ ആധാരമാക്കിയാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാതികൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ